# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:1037

30.11.2018-ലെ മറുപടി

### ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ ലോൺ ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഷാഫി പറമ്പിൽ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കേരള ജല അതോറിറ്റിയിൽ ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ ലോൺ ഉപയോഗിച്ച് നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ വിശദീകരിക്കാമോ; | (എ) | എ.ഡി.ബി യുടെ ധനസഹായത്തോടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ 24x7 ജലവിതരണ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ തത്വത്തിലുള്ള അനുമതി ലഭ്യമായിട്ടുണ്ട്. ഏകദേശം 2500 കോടി രൂപയാണ് പദ്ധതിയുടെ പ്രതീക്ഷിക്കുന്ന അടങ്കൽ.<br>താഴെ പറയുന്ന ഘടകങ്ങളാണ് ഈ പദ്ധതിയിൽ ഉൾകൊള്ളിക്കുവാൻ ഉദ്ദേശിക്കുന്നത്.<br>1. ഉൽപാദന ഘടകങ്ങളിൽ ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുക.<br>2. കാലപ്പഴക്കം വന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുക<br>3. വിതരണ ശൃംഖലയെ വിവിധ മേഖലകളായി തിരിച്ച് ഡി എം എ (District Metering Area) കൾ സ്ഥാപിച്ച് ജലവിതരണം കാര്യക്ഷമമാക്കുകയും ജല ചോർച്ച നിയന്ത്രണത്തിൽ ആക്കുകയും ചെയ്യുക. പദ്ധതി പൂർത്തിയാകുമ്പോൾ നിലവിലെ ജല ചോർച്ച ദേശീയ ബഞ്ച് മാർക്ക് നിലവാരമായ 20% ൽ എത്തിക്കുവാനും ലക്ഷ്യമിടുന്നു. |

| | ചോദ്യം | | മറുപടി |
|---|---|---|---|
| | | | 4. മർദ്ദ നിയന്ത്രണ ഉപകരണങ്ങളും ഫ്ലോമീറ്ററുകളും എല്ലാ മേഖലകളിലും സ്ഥാപിക്കുക<br>5. SCADA (Supervisory control and data acquisition) പോലെയുള്ള ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ജലവിതരണ സംവിധാനം നിയന്ത്രിക്കുക.<br>6. പഴയതും ചോർച്ചയുള്ളതുമായ സർവ്വീസ് കണക്ഷനുകൾ പുനരുദ്ധരിക്കുക.<br>7. എല്ലാ ഗുണഭോക്തൃ വാട്ടർ മീറ്ററുകളും മാറ്റി ഉന്നത നിലവാരമുള്ള സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുക<br>8. വിതരണ ശൃംഖലയുടെ സർവ്വേ നടത്തി GIS മാപ്പ് തയ്യാറാക്കുക<br>9. ഐ.റ്റി അധിഷ്ഠിത എം ഐ എസ് ലൂടെ കൃത്യമായ മാനേജ്മെന്റ് സംവിധാനങ്ങൾ ഉറപ്പാക്കുക.<br><br>24x7 പദ്ധതി അഞ്ചു വർഷത്തിനുള്ളിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ജില്ലകൾ ഏതെല്ലാം; ഈ ജില്ലകളിലെ നിലവിലുള്ള ജല അതോറിറ്റിയുടെ കുടിവെള്ള വിതരണം നടത്തുന്ന ജനസംഖ്യാനുപാതികമായ ശതമാനം എത്ര; | (ബി) | എ.ഡി.ബിയുടെ ധനസഹായത്തോടെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ആണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. 31.03.2018 വരെ പ്രസ്തുത ജില്ലകളിൽ ജലഅതോറിറ്റി കുടിവെള്ളവിതരണം നടത്തിയ ജനസംഖ്യാനുപാതികമായ ശതമാനകണക്ക് ഇപ്രകാരമാണ്:- |

| ജില്ല | ജനസംഖ്യ (ശതമാനം) |
|---|---|
| തിരുവനന്തപുരം | 73 |
| എറണാകുളം | 83.60 |

| | ചോദ്യം | | മറുപടി |
|---|---|---|---|
| | | | കോഴിക്കോട് — 55.08 |
| (സി) | കേരള ജല അതോറിറ്റി ഓരോ ജില്ലകളിലും കുടിവെള്ള വിതരണം ലഭ്യമാക്കുന്നതിന്റെ ശതമാന കണക്ക് വ്യക്തമാക്കാമോ? | (സി) | കേരള ജല അതോറിറ്റി ഓരോ ജില്ലകളിലും 31.03.2018 വരെ കുടിവെള്ള വിതരണം ലഭ്യമാക്കിയതിന്റെ ജനസംഖ്യാനുപാതികമായ ശതമാനകണക്ക് ചുവടെ ചേർക്കുന്നു:- |

| ജില്ല | ജനസംഖ്യ (ശതമാനം) |
|---|---|
| തിരുവനന്തപുരം | 73 |
| കൊല്ലം | 63.64 |
| പത്തനംതിട്ട | 55.22 |
| ആലപ്പുഴ | 70 |
| കോട്ടയം | 59 |
| ഇടുക്കി | 33.78 |
| എറണാകുളം | 83.60 |
| തൃശ്ശൂർ | 77.80 |
| പാലക്കാട് | 50.05 |
| മലപ്പുറം | 24.52 |
| കോഴിക്കോട് | 55.08 |
| വയനാട് | 48.78 |
| കണ്ണൂർ | 38.66 |
| കാസർകോട് | 16.52 |
| **ആകെ** | **56.29** |

**സെക്ഷൻ ഓഫീസർ**